വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ഒക്ടോബർ 30

പള്ളിക്കൂദാശ ഒന്നാം ഞായർ

എണ്ണവറ്റാത്ത നിലവിളക്കുകളാകുക

പുറ 33:1-11, ഹെബ്രാ 9:1-14, മത്താ 25:1-13

മത്തായിയുടെ സുവിശേഷത്തിലെ 24, 25, 26 എന്നീ അദ്ധ്യായങ്ങൾക്ക് ഒരു പരസ്പര ആശയബന്ധവും തുടർച്ചയും ഉണ്ട്. അവ ഒരേ സമയം യേശുവിന്റെ ജീവിതത്തിന്റെ സാരാംശവും അവസാന പരീക്ഷണങ്ങളുടെ വിവരണവും ആണ്. എപ്രകാരമാണ് നമ്മൾ മനുഷ്യർക്ക് ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്യേണ്ടതായി വരിക എന്ന് യേശു വിശദീകരിക്കുന്നു. 25-ാം അദ്ധ്യായത്തിൽ നമുക്ക് ഏറെ സുപരിചിതമായ മൂന്ന് ഭാഗങ്ങൾ ഉണ്ട്. ആദ്യം വിളക്കിൽ എണ്ണയുമായി മണവാളനെ കാത്ത് ഇരിക്കുന്ന പത്ത് കന്യകമാരെ യേശു നമുക്ക് പരിചയപ്പെടുത്തുന്നു. രണ്ടാമതായി ഭൃത്യർക്ക് താലന്തുകൾ ഭരമേൽപ്പിക്കുന്ന യജമാനനും മൂന്നാമതായി വലത് വശത്ത് ചെമ്മരിയാടുകളെയും ഇടത് വശത്ത് കോലാടുകളെയും തരംതിരിച്ച് നിർത്തുന്ന അവസാന വിധിയും യേശു വിശദീകരിക്കുന്നു. നാം എങ്ങനെയാണ് ഉത്തരവാദിത്തത്തോടെ ഈ ഭൂമിയിൽ പെരുമാറേണ്ടത് എന്ന് യേശു മൂന്ന് തരത്തിൽ നമ്മെ പഠിപ്പിക്കുന്നു.

എണ്ണ എന്നിൽ എങ്ങിനെ വറ്റാതെ നോക്കണം എന്ന് ആദ്യ ഉപമയിലും നിന്നിലെ കഴിവുകളെ എങ്ങിനെ ഉപയോഗിക്കണം എന്ന് താലന്തിന്റെ ഉപമയിലും ഒടുവിൽ ഇത്തരത്തിൽ യേശുവിന്റെ നിർദ്ദേശങ്ങൾ പാലിച്ച് ജീവിച്ചവർ ഈ പരീക്ഷയിൽ ജയിച്ചോ തോറ്റോ എന്ന് അന്തിമ വിധിയിലും പരിശോധിക്കപ്പെടുന്നു.

ജാഗരൂകരായിരിക്കുക

യഹൂദ വിവാഹ ആചാരങ്ങളിൽ വരൻ വധുവിനെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ വന്നെത്തുന്നതും അപ്പോൾ മണവാളനെ മണവാട്ടി സ്വീകരിക്കുന്നതുമായ ഒരു പ്രധാന ചടങ്ങ് ഉണ്ട്. അപ്രകാരം വാതിൽക്കൽ വരെ വന്നെത്തി നിൽക്കുന്ന വരനെ വധു കാണേണ്ടത് തന്റെ കയ്യിലെ വിളക്കിന്റെ പ്രകാശത്തിൽ ആണ്. ആ വെളിച്ചം ആണ് അവരെ പരസ്പരം തിരിച്ചറിയുവാൻ സഹായിക്കുന്നത്.

അഡ്വ. ലിറ്റോ പാലത്തിങ്കൽ

ഇഹലോകവാസം തീരുന്ന നിമിഷങ്ങളിൽ നാം നമ്മുടെ നാഥനെ നേരിൽ കൺനിറയെ കണ്ട് തിരിച്ചറിഞ്ഞ് കൂടെപോകുന്ന യാത്രയെ ഇതിലും നന്നായി എങ്ങിനെയാണ് വിശദീകരിക്കുക!

നമ്മുടെ ജീവിതത്തെ മാറ്റിമറിക്കാവുന്ന അത്ര നിർണ്ണായകമായ ആ നിമിഷങ്ങളെ മുൻകൂട്ടി കണ്ട് ഒരുങ്ങി കാത്തിരിക്കുവാൻ യേശു ഈ സുവിശേഷത്തിന് മുമ്പും പിമ്പും ഉള്ള ഭാഗങ്ങളിൽ ആവർത്തിച്ച് നമ്മോട് ആവശ്യപ്പെടുന്നു; '-സദാ ജാഗരൂകരായിരിക്കുവിൻ.'

മരണം എത്തുന്നത് തികച്ചും അപ്രതീക്ഷിതം ആണ് എന്നത് നമുക്കറിയാം. എന്നാൽ അത് പോലെയോ അതിനെക്കാളുമോ ചിലപ്പോൾ ചില സാഹചര്യങ്ങളും സംഭവങ്ങളും നമ്മുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകാറുണ്ട്. ആ നിമിഷങ്ങളും നമുക്ക് ഏറെ പ്രധാനപ്പെട്ടതായി മാറിയേക്കാം. അതിനായും നാം കരുതലോടെ ഒരുങ്ങാറുണ്ട്. ഉദാഹരണത്തിന് ഒരു ജോലി ലഭിക്കുന്നതിനായുള്ള പരീക്ഷയും അഭിമുഖവും നമുക്ക് നിർണ്ണായകമാകാറുണ്ട്. അതിനായി നാം പഠിച്ചും പരിശീലിച്ചും ഒരുങ്ങാറുണ്ട്. എത്ര മുൻകൂട്ടി ഒരുങ്ങിയാലും ആ നിമിഷത്തിലേക്ക് എത്തുമ്പോൾ ഒന്നുകൂടി നന്നായി പഠിക്കാമായിരുന്നു, പരിശീലിക്കാമായിരുന്നു എന്ന് ഒരല്പം കുറ്റബോധത്തോടെ നാം ചിന്തിക്കാറുണ്ട്. ആ തയ്യാറെടുപ്പാണ് നമുക്ക് ആ പ്രധാന കാര്യത്തെ നേരിടുവാനുള്ള ബലവും ധൈര്യവും ആയി മാറുന്നത്. അതാണ് വിളക്കിലെ എണ്ണ.

പാസ് മാർക്ക്

അവസാനവിധി നാളിലെ ശരി തെറ്റുകളുടെ തരം തിരിക്കലിൽ നമുക്ക് ആവശ്യത്തിന് പാസ്മാർക്ക് കിട്ടണമെങ്കിൽ കരുതലോടെ ഉള്ള മുന്നൊരുക്കവും ജീവിതത്തിൽ ദൈവകൃപകൊണ്ട് ലഭിച്ചിട്ടുള്ള വിവിധ താലന്തുകൾ ശരിയായി ഉപയോഗിച്ച് കൊണ്ടുള്ള കഠിനാദ്ധ്വാനവും

ആവശ്യമാണ്. അതാണ് മത്തായിയുടെ സുവിശേഷത്തിലെ 25-ാം അദ്ധ്യായത്തിലെ മൂന്ന് ഭാഗങ്ങളെ കോർത്തിണക്കികൊണ്ട് നാം മനസ്സിലാക്കാൻ ശ്രമിക്കേണ്ടതും ജീവിതത്തിൽ പകർത്തേണ്ടതും.

ശാരീരിക-മാനസിക-ആത്മീയ ശ്രമങ്ങൾകൊണ്ടും കഠിനാധ്വാനം കൊണ്ടും നാം ആർജ്ജിച്ചെടുക്കുന്ന കഴിവുകളും ഊർജവും നമ്മൾ മറ്റുള്ളവർക്കു നൽകാറുണ്ട്; മറ്റുള്ളവരിൽ നിന്ന് അവരുടെ അദ്ധ്വാനത്തിന്റെ ഫലം നമുക്കും ലഭിക്കാറുണ്ട്. ഇതിനൊക്കെ പുറമേയാണ് ഈശ്വരകൃപയാൽ നമ്മളിൽ ഉണ്ടാകുന്ന കഴിവുകളും സമാധാനവും. ഇതെല്ലാം ആണ് നാം വിവേകത്തോടെ, ശ്രദ്ധയോടെ, ജാഗ്രതയോടെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടത്. അതിൽ പിശുക്കും ഉണ്ടാകരുത്, ധൂർത്തും ഉണ്ടാകരുത്. അതാണ് വിവേകം. അതാണ് ബുദ്ധിമതികളുടെ ലക്ഷണം. അവരുടെ കയ്യിൽ ഉള്ള എണ്ണയാണ് മണവാളൻ, ജീവിതപ്രതിസന്ധികൾ, മരണം എന്നിവ നമ്മെ തേടിയെത്തുന്ന നിമിഷം നമുക്ക് ഉപകാരപ്പെടുന്ന എണ്ണ.

ദേവാലയങ്ങളിലെ കളിമൺ പ്രതിമകളുടെ മുമ്പിൽ കത്തിച്ച് വച്ച വിളക്കിലേക്ക് നാം ഒഴിച്ച എണ്ണയല്ല; നമ്മളിൽ നിന്ന്, നമ്മുടെ അദ്ധ്വാനഫലത്തിന്റെ നിറവ് കരുണയോടെ കനിവോടെ കിനിഞ്ഞ് ഇറങ്ങി ഈ ഭൂമിയിലെ സഹോദരങ്ങൾക്ക്, പരദേശിക്ക്, വിധവക്ക്, അബലക്ക് വിളക്കിൽ വെളിച്ചമായി മാറിയ എണ്ണയാണ് മണവാളൻ വരുമ്പോൾ അളന്ന് നോക്കുക എന്ന് മത്തായി സുവിശേഷകൻ ഇതേ അദ്ധ്യായത്തിൽ എഴുതി വച്ചിട്ടുള്ളത് നാം മറക്കരുത്. നമുക്ക് ലഭിച്ച എണ്ണ, താലന്തുകൾ എന്നിവ ഒളിച്ച്, കുഴിച്ച് വച്ച് സ്വാർത്ഥ താൽപര്യങ്ങൾക്കായി മാറ്റിവയ്ക്കലല്ല, അവ അവനവനും കുടുംബത്തിനും സമൂഹത്തിനും അപരനും അഭിവൃദ്ധിക്കായി ധൂർത്തടിക്കാതെ ശ്രദ്ധയോടെ ഉപയോഗിക്കണം എന്ന് യേശു ആവശ്യപ്പെടുന്നു. നന്നായി വെള്ളം നനച്ചും വളമിട്ടും വളർത്തുന്ന തെങ്ങിലാണ് നല്ല വെളിച്ചെണ്ണ കിട്ടുന്ന തേങ്ങ ഉണ്ടാവുക. അതിന് ശ്രദ്ധയും അദ്ധ്വാനവും വേണം. നമ്മുടെ ജീവിതത്തിലും അത് ഉണ്ടാവട്ടെ.

അശ്രദ്ധകൊണ്ടും അന്യ ലൗകിക താൽപര്യങ്ങൾകൊണ്ടും പിടിപ്പ് കേട് കൊണ്ടും നമ്മിലെ ദൈവകൃപയും കഴിവുകളും വറ്റി വരളാതിരിക്കാനും നാം ശ്രദ്ധിക്കണം. 'അതിനായി ജാഗരൂകരായിരിക്കുവിൻ, ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല.'

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com